بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 18/07/14

(20 RAMADAN 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനും തശഹ്ഹുദ്, തഅവ്വദ്, സൂറ: അൽഫാത്തിഹായ്ക്ക് ശേഷം ഹസ്രത് മുഹ്യിദ്ദീൻ (അ) പറഞ്ഞു.

1) പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ (2) സത്യമായും നാം ഇതിനെ നിർണ്ണയരാവിൽ അവതരിപ്പിച്ചിരിക്കുന്നു (3) നിർണ്ണയരാവ് എന്തെന്ന് നിനക്കെന്തെറിയാം (4) നിർണ്ണയ രാവ് ആയിരം മാസത്തേക്കാൾ ഉത്തമമാകുന്നു. (5) അതിൽ മലക്കുകളും ആ പരിപൂർണ്ണാത്മാവും തങ്ങളുടെ നാഥന്റെ അനുമതിയോടെ സകല കല്പനകളും കൊണ്ട് ഇറങ്ങുന്നതാണ്. (6) അത് സമാധാനമാകുന്നു. പ്രഭാതോദയം വരെ.

സൂറത്തുൽ ഖദ്റിലെ ഈ വചനങ്ങളുടെ വെളിച്ചത്തിൽ, ഈ വചനങ്ങൾ അവതരിക്കുവാൻ ഉണ്ടായ സാഹചര്യത്തെക്കുറിച്ച് ഓർക്കുന്നത് നന്നായിരിക്കും.

ഇസ്രായേൽ സന്താനങ്ങളിൽ ജീവിച്ചിരുന്ന ശംസൂൺ എന്നു പേരുള്ള ഒരു വലിയ്യ്-നെ സംബന്ധിച്ച് പ്രവാചകപ്രഭു (സ) വിവരിക്കുകയായിരുന്നു. നാം മനസ്സിലാക്കേണ്ട കാര്യം, അദ്ദേഹം വളരെയധികം പ്രാർത്ഥിക്കുന്ന ആളായിരുന്നു. ആയിരം മാസക്കാലം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കഠിനാധ്വാനം ചെയ്ത ആളായിരുന്നു. നബികരീം (സ) യുടെ അനുചരന്മാർ ഇതു കേട്ടപ്പോൾ, ഹസ്രത്ത് ശംസൂൺ (റ) നെക്കാൾ കൂടുതൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സേവനം ചെയ്യുവാൻ സാധിക്കില്ലല്ലോ എന്നോർത്ത് ദുഃഖിതരായി. ഒരു പ്രോത്സാഹനം എന്ന നിലയിൽ, അല്ലാഹു (ത) പറഞ്ഞു. അല്ലാഹുവിന്റെ പ്രവാചകൻ (സ) യുടെ സമുദായം നിർണ്ണിതരാവിൽ (ലൈലത്തുൽ ഖദ്റിൽ) പ്രാർത്ഥനയിൽ മുഴുകിയാൽ, ആയിരം മാസം ഇബാദത്ത് ചെയ്തതിനേക്കാൾ പ്രതിഫലം ലഭിക്കുന്നതാണ്. (റൂഹുൽ ബയാൻ വാള്യം10 പേജ് 483)

ഹസ്രത്ത് അനസ് ഇബ്ന് മാലിക് (റ) റിപ്പോർട്ട് ചെയ്യുന്നു. റമദാൻ മാസത്തെ സംബന്ധിച്ച് നബികരീം (സ) പറഞ്ഞു. ''ഈ മാസം (റമദാൻ) ആരംഭിച്ചിരിക്കുകയാണ്. ആയിരം മാസത്തെക്കാൾ ശ്രേഷ്ഠമായ ഒരു രാത്രി ഈ മാസത്തിൽ ഉണ്ട്. ഈ മാസത്തിലെ അനുഗ്രഹങ്ങളിൽ നിന്നും ആരെങ്കിലും ദൂരപ്പെട്ടാൽ, വാസ്തവത്തിൽ, അവൻ എല്ലാ നന്മയിൽ നിന്നും ദൂരപ്പെടുകയാണ്. നിശ്ചയം അവൻ ഇതിലെ എല്ലാ നന്മയിൽ നിന്നും അകന്നു പോയിരിക്കുന്നു.''(ഇബ്നു മാജ; മിശ്ക്കാത്ത്)

നിർണ്ണിതരാവ് അനുഗ്രഹങ്ങളാൽ നിറഞ്ഞിരിക്കുന്നു. ഇത് വളരെ വിലയുള്ളത് തന്നെയാണ്. നബികരീം (സ) ന്റെ സമുദായത്തിന് അല്ലാഹു (ത) നൽകിയിരിക്കുന്ന വളരെ വലിയ അനുഗ്രഹം തന്നെയാണ്. നിർണ്ണിതരാവിലെ ആരാധനയിലൂടെ ആയിരം മാസത്തെക്കാൾ ഇബാദത്ത് ചെയ്ത പുണ്യം നേടുക എന്നത് വളരെ വലിയ കാര്യം തന്നെയാണ്. മുൻകഴിഞ്ഞുപോയ പ്രവാചകന്മാരുടെ അനുയായികൾക്ക് ഇത്തരം ഒരു രാവ് നല്കപ്പെട്ടിട്ടില്ല. എന്നാൽ നബികരീം (സ) ന്റെ അനുയായികൾക്ക്, മുസ്‌ലീംകൾക്ക് ജിബ്‌രീൽ (അ) ഉം മറ്റു മലക്കുകളും, ദൈവീക സമാധാനവുമായി ഇറങ്ങിവരുന്നു. എന്നിട്ട് ആരാധനയിൽ മുഴുകിയിരിക്കുന്നവർക്കുവേണ്ടി ഈ മാലാഖമാരും പ്രാർത്ഥിക്കുന്നു. അവരുടെ പാപമോചനത്തിനായി അർത്ഥിക്കുന്നു. റമദാൻ മാസത്തിലെ അവസാനത്തെ പത്തിൽ ഈ നിർണ്ണിതരാവ് അല്ലാഹു തന്റെ ബുദ്ധിവൈഭവത്താൽ മറച്ചു വെച്ചിരിക്കുന്നു. ആയതിനാൽ ഈ രാവിനെ അന്വേഷിച്ച് കണ്ടെത്തുവാൻ മുസ്‌ലീംകൾ കഠിനയത്നം നടത്തുന്നു. ഈ രീതിയിൽ, അവരുടെ കഴിവ് വർദ്ധിക്കുന്നു. അല്ലാഹുവിനെ ആരാധിക്കുന്നതിനായി അവരുടെ സമയം ചെലവൊഴിക്കുന്നു. അങ്ങനെ അവർ, ഈ നിർണ്ണിതരാവിൽ മറച്ചുവെച്ചിരിക്കുന്ന അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കൊയ്തെടുക്കുവാൻ പരിശ്രമിക്കുന്നു.

''ഹസ്രത്ത് ആയിശ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. നബികരീം (സ) റമദാൻ മാസത്തിലെ അവസാന പത്തുദിനങ്ങളിൽ, മറ്റു ദിനങ്ങളെ അപേക്ഷിച്ച് ആരാധന ഇരട്ടിയാക്കിമാറ്റാറുണ്ടായിരുന്നു.'' (മുസ്‌ലീം, മിശ്ക്കാത്ത്) വിവിധ ഹദീസുകളുടെ വെളിച്ചത്തിൽ, നിർണ്ണിതരാവ് റമദാനിലെ ഒറ്റരാവുകളിലാണ് ഉണ്ടാവുക.(അതായത് 21,23,25,27,29) ഈ ഹദീസിന്റെ വെളിച്ചത്തിൽ ഈ നിർണ്ണിത രാവിലാണ്, പ്രവാചക പ്രഭു മുഹമ്മദ് (സ) ന് ആദ്യമായി ഖുർആൻ വെളിപാടുണ്ടായത് എന്നു മനസ്സിലാക്കാവുന്നതാണ്. നബികരീം (സ) പോലും ഈ തീയ്യതി കൃത്യമായി എന്നാണ് എന്ന് വെളിപ്പെടുത്തിയിട്ടില്ല. എന്നാൽ റമദാനിലെ അവസാനത്തെ ഒറ്റരാവുകളിൽ, നിർണ്ണിതരാവ് അന്വേഷിച്ചുകൊള്ളുക എന്നു പറയുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഇസ്ലാമിലെ മഹാ പണ്ഡിതന്മാർ നിർണ്ണിതരാവിനെ സംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. അവരുടെ അഭിപ്രായ പ്രകാരം 27-ാം രാവിലാണ് ഈ നിർണ്ണിതരാവ്. ഹസ്രത് ഇബ്നു അബ്ബാസ് (റ) ഹസ്രത് ഉബയ്യ് ഇബ്നു കഅ്ബ് (റ) ഹസ്രത് ഇമാം അബൂഹനീഫ, ഹസ്രത് ശൈഖ് മുഹ്യിദ്ദീൻ അബ്ദുൽഖാദിർ ജീലാനി (റ) ഇവരെല്ലാം ഇതിനെ വിശദീകരിച്ചിട്ടില്ല, അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. 7 ന് വളരെ മഹത്വവും പ്രാധാന്യമുണ്ട് എന്നും 3,5,9 എന്നീ നമ്പരുകൾക്ക് 7 ന്റെ മഹത്വം ഇല്ലാ എന്നും വിവരിക്കുന്നു. താഴെപ്പറയുന്ന കാരണങ്ങളിലൂടെയാണ് അവർ ഇതിനെ വിശകലനം ചെയ്യുന്നത്.

1) **7 ആകാശങ്ങളും 7 ഭൂമിയുമുണ്ട്**
2) **ഒരാഴ്ചയിൽ 7 പകലുകളും 7 രാത്രികളുമുണ്ട്**
3) **വിശുദ്ധ കഅ്ബാ പ്രദക്ഷിണം 7പ്രാവശ്യം ചെയ്യേണ്ടതുണ്ട്.**
4) **സഫാ മർവായ്ക്കിടയിൽ 7 പ്രാവശ്യം നാം ഓടേണ്ടതാണ്.**
5) **ഗുഹാ വാസികൾ 7 സുഹൃത്തുക്കളായിരുന്നു.**
6) **ഹസ്രത് യൂസുഫ് (അ) 7 വർഷം ജയിൽവാസം അനുഭവിച്ചു.**
7) **സ്വപ്ന വ്യാഖ്യാനം നടത്തിയ ഹസ്രത് യൂസുഫ് (അ) 7 കൊഴുത്ത പശുക്കളെയും 7 മെലിഞ്ഞ പശുക്കളെയുംപറ്റി പറയുന്നു.**
8) **24 മണിക്കൂറിൽ നാം 17 റക്കഅത്ത് നിർബന്ധ നമസ്ക്കാരം നിർവ്വഹിക്കുന്നു.**
9) **ഓരോ നമസ്ക്കാരത്തിലും നിർബന്ധമായ 7 വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. എങ്കിൽ മാത്രമേ നമസ്ക്കാരം പൂർണ്ണമാവുകയുള്ളൂ.**
10) **തീർച്ചയായും, സൂറഃഅൽഫാത്തിഹായിൽ 7 വചനങ്ങളാണുള്ളത്.**

ഇക്കാരണങ്ങളാൽ അവരുടെ അഭിപ്രായ പ്രകാരം മറ്റു നമ്പരുകളെ അപേക്ഷിച്ച് 7 ന് പ്രാധാന്യം കൂടുതലാണ്. ലൈലത്തുൽ ഖദ്ർ എന്ന വാക്ക് 9 അറബിക് അക്ഷരങ്ങൾ കൊണ്ടാണ് രൂപപ്പെട്ടിരിക്കുന്നത്. സൂറത്തുൽ ഖദ്റിൽ 3 പ്രാവശ്യം ഇത് വന്നിട്ടുണ്ട്. ആയതിനാൽ $3 \times 9 = 27$

വിശുദ്ധ ഖുർആന്റെയും സൂചിത പ്രവാചക വചനങ്ങളുടെയും അടിസ്ഥാനത്തിൽ ഈ മഹത്തായ രാവിന്റെയും, അതിലടങ്ങിയിരിക്കുന്ന അനുഗ്രഹ തീരുമാനങ്ങളുടെ വിലയും മഹത്വവും നമുക്ക് കാണുവാൻ കഴിയും. ഹസ്രത് അബൂഹുറൈറ (റ) വിവരിച്ചിരിക്കുന്നു, നബികരീം (സ) പറഞ്ഞു. ''വിശ്വാസത്തോടെയും അല്ലാഹുവിൽ നിന്നുള്ള പ്രതിഫലകാംക്ഷയോടെയും ആരാണോ റമദാൻ മാസത്തിൽ വ്യതമനുഷ്ഠിച്ചത് അവന്റെ പാപങ്ങളെല്ലാം പൊറുത്തുകൊടുക്കുന്നതാണ്. ആരാണോ ലൈലത്തുൽ ഖദ്ർ ദിനത്തിൽ ഈമാനോടും അല്ലാഹുവിൽ നിന്നുള്ള പ്രതിഫലകാംക്ഷയോടും പ്രാർത്ഥനയിലേർപ്പെടുന്നത്, അവന്റെ മുൻകഴിഞ്ഞ എല്ലാ പാപങ്ങളും അല്ലാഹു പൊറുത്തുകൊടുക്കുന്നതാണ്.''(ബുഖാരി)

മറ്റൊരു പ്രവാചക വചനത്തിൽ ഹസ്രത് ആയിശ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ''അവർ അല്ലാഹുവിന്റെ പ്രവാചകനോട് ചോദിച്ചു, ''അല്ലയോ ദൈവദൂതരേ ''ലൈലത്തുൽ ഖദ്റിന്റെ രാവാണെന്ന് ഞാനറിഞ്ഞാൽ ഞാൻ എന്താണ് ആ രാവിൽ ചോദിക്കേണ്ടത്. ? പ്രവാചകർ (സ) പറഞ്ഞു'' ഇങ്ങനെ പ്രാർത്ഥിക്കുക. തമ്പുരാനേ ! നീ പൊറുത്തുകൊടുക്കുന്നവനാണ്. ! പൊറുത്തു കൊടുക്കുന്നത് നീ ഇഷ്ടപ്പെടുന്നവനാണ്. അതുകൊണ്ട് നീ എനിക്ക് പൊറുത്തു തരേണമേ ! ''. (മിശ്ക്കാത്ത്, ഇബ്നു മാജ, തിർമിദി)

ഇഅ്തിക്കാഫ് (ഭജനമിരിക്കൽ) വിശുദ്ധഖുർആനിൽ അല്ലാഹു (ത) പറയുന്നു.

''പള്ളികളിൽ ഭജനമിരിക്കുന്നവരായിരിക്കെ നിങ്ങൾ അവരുമായി (ഭാര്യമാരുമായി) സംസർഗ്ഗം പുലർത്തരുത്. ഇത് അല്ലാഹുവിന്റെ നിയമപരിധികളാകുന്നു. അതിനാൽ, നിങ്ങൾ അവയെ സമീപിക്കരുത്. ഇപ്രകാരം അല്ലാഹു മനുഷ്യർക്ക് അവന്റെ വിധികളെ വിവരിച്ചുകൊടുക്കുന്നു. അവർ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി.''(2:188)

1) ഇഅ്തിക്കാഫ് : ഭജനമിരിക്കൽ ; അല്ലാഹുവിനെ ധാരാളമായി സ്മരിക്കുവാനും, പ്രാർത്ഥിക്കുവാനുമായി പള്ളിയിൽ കഴിഞ്ഞുകൂടുക. ആരെങ്കിലും ഭജനമിരിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ, അല്ലാഹുവിന്റെ തൃപ്തിക്കായി ഇരുന്നുകൊള്ളട്ടെ ! ആളുകളെ കാണിക്കുവാൻ വേണ്ടിയാവാതിരിക്കട്ടെ ! ആയിശാ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ''നബികരീം (സ) മരണം വരെയും റമദാനിന്റെ അവസാനത്തെ പത്തിൽ പള്ളിയിൽ ഇഅ്തിക്കാഫ് ഇരിക്കുമായിരുന്നു. തിരുമേനിയുടെ വഫാത്തിനുശേഷം അദ്ദേഹത്തിന്റെ പത്നിമാർ ഇഅ്തിക്കാഫ് ഇരിക്കുമായിരുന്നു. '' (ബുഖാരി, മുസ്ലീം)

2) അബൂഹുറൈറ (റ) വിവരിച്ചിരിക്കുന്നു. എല്ലാ വർഷവും നബികരീം (സ) ഇഅ്തിഖാഫ് ഇരിക്കുമായിരുന്നു. അദ്ദേഹം വഫാത്തായ വർഷം 20 ദിവസം ഇഅ്തിക്കാഫ് ഇരിക്കുകയുണ്ടായി. (ബുഖാരി).

നമുക്ക് ഇനി സക്കാത്തിന്റെ വിഷയത്തിലേക്ക് തിരിയാം. സക്കാത്ത് കൊടുക്കൽ നിർബന്ധമായകാര്യമാണ്. സാമ്പത്തിക ഭദ്രതയുള്ള ഓരോ മുസ്ലീമിനും നിർബന്ധമായ കാര്യമാണ്. അത് സാധുക്കളായ മുസ്ലീംകൾക്കിടയിൽ

വിതരണം ചെയ്യേണ്ടതാണ്. അഥവാ പ്രയാസങ്ങളോ പ്രശ്നങ്ങളോ അഭിമുഖീകരിക്കുന്നവർക്ക് നൽകേണ്ടതാണ്. സക്കാത്ത് ഇസ്ലാമിലെ പഞ്ച സ്തംഭങ്ങളിൽ ഒന്നാണ്. ഇത് സംബന്ധമായ നിർദ്ദേശങ്ങൾ വിശുദ്ധ ഖുർആനിലും ഹദീസിലും വന്നിട്ടുണ്ട്.

സക്കാത്ത് എന്ന അറബിക് വാക്കിന്റെ അർത്ഥം അനുഗ്രഹം, വളർച്ച, ശുദ്ധീകരണം, മെച്ചപ്പെടുത്തുവാനുള്ള എന്നൊക്കെയാണ്. സക്കാത്തിന്റെ മറ്റൊരു രൂപമാണ് സദഖ. അധ്യായം 9 ൽ 103-ാം വചനത്തിൽ അല്ലാഹു (ത) പറഞ്ഞു. ''നീ അവരുടെ ധനത്തിൽ നിന്ന് ദാനധർമ്മങ്ങൾ വാങ്ങുക. അതുവഴി നീ അവരെ ആത്മീയമായി ശുദ്ധീകരിക്കുകയും അവരുടെ അഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങൾ ഒരുക്കുകയുമാണ് ചെയ്യുന്നത്. നീ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. തീർച്ചയായും നിന്റെ പ്രാർത്ഥന അവർക്ക് മനസ്സമാധാനം നല്കുന്നതാണ്. അല്ലാഹു നല്ലപോലെ കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാകുന്നു. ''(9:103)

ഒരു മുസ്ലീമിന്റെ ധനവും ആത്മാവും പവിത്രീകരിക്കുന്ന ആരാധനാ പ്രവർത്തിയാണ് സക്കാത്ത്. ധനശുദ്ധീകരണം എന്നാൽ തനിക്കുള്ള എല്ലാ വസ്തുവകകളുടെയും ശുദ്ധീകരണമാണ്. ഉപയോഗിക്കാതെ ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന, നീതിപൂർവ്വം വിതരണം ചെയ്യേണ്ട, ധനം ഉൾപ്പടെയുള്ളവയുടെ ശുദ്ധീകരണം. ആത്മശുദ്ധീകരണം കൊണ്ട് അർത്ഥമാക്കുന്നത്, അസൂയ, ശത്രുത, ഞാനെന്ന ഭാവം, അത്യാർത്തി, മുതലായവയിൽ നിന്നുള്ള മോചനമാണ്. വിശുദ്ധ ഖുർആനിൽ സക്കാത്ത് എന്ന പദം അനേകം വചനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. 30 സ്ഥലത്ത് ഉപയോഗിച്ചിരിക്കുന്നതിൽ 27 സ്ഥലത്തും നമസ്ക്കാരത്തോടൊപ്പമാണ് ഉപയോഗിച്ചിരിക്കുന്നത്. ആ വചനങ്ങളിൽ സൂറഃ തൗബയിൽ 11-ാം വചനത്തിൽ ''ഇനി അവർ പശ്ചാത്തപിച്ചു മടങ്ങുകയും, നമസ്ക്കാരം നിലനിർത്തുകയും, സക്കാത്ത് കൊടുക്കുകയും, ചെയ്യുന്നതായാൽ മതത്തിൽ അവർ നിങ്ങളുടെ സഹോദരങ്ങളാണ്. ഗ്രഹിക്കുന്ന ജനങ്ങൾക്ക് നാം ദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊടുക്കുന്നു.

ഇതു സംബന്ധമായി ഏതാനും പ്രവാചക വചനങ്ങൾ ഉദ്ധരിക്കുകയാണ്. ''അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു, ദൈവദൂതർ (സ) പറഞ്ഞിരിക്കുന്നു. ''അല്ലാഹു വല്ലവനും ധനം കൊടുത്തു. അതിലുള്ള സക്കാത്ത് കൊടുത്തില്ലാ എങ്കിൽ, പുനരുത്ഥാന ദിവസം ആ ധനം അവന്റെ മുൻപിൽ, തലയിൽ രണ്ട് കറുത്ത പുള്ളികളോടു കൂടിയ, ഒരു മൂർഖൻ പാമ്പിന്റെ രൂപത്തിൽ തലപൊക്കി നിൽക്കും. ഒരാഭരണത്തെപോലെ അത് അവന്റെ കഴുത്തിൽ ചുറ്റും. അവന്റെ രണ്ട് കവിൾതടങ്ങളും പിടിച്ച് ആ സർപ്പം പറയും. ''ഞാൻ നിന്റെ ധനമാണ്. നീ നിക്ഷേപിച്ചു വച്ചിരുന്ന നിന്റെ നിധി. പിന്നീട് തിരുമേനി (സ) ഈ ഖുർആൻ വാക്യം ഉദ്ധരിച്ചു.''തന്റെ അനുഗ്രഹം മൂലം അല്ലാഹു നൽകിയ ധനത്തിൽ പിശുക്ക് കാണിക്കുന്നത് അവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിച്ചു പോകരുത്. അതവർക്ക് വമ്പിച്ച ദോഷമാണ് ചെയ്യുക. പിശുക്ക് കാണിക്കുന്ന ആ ധനത്തെയും കൊണ്ട് പുനരുത്ഥാന ദിവസം അവർക്ക് കണ്ഠാഭരണം അണിയിക്കപ്പെടും. ''ആകാശങ്ങളുടെയും ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിനുള്ളതാകുന്നു. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മ ജ്ഞാനമുള്ളവനാകുന്നു.''(3:181)

റമദാൻ മാസം അവസാനിക്കാറായി വരികയാണ്. സമയം ഓടിക്കൊണ്ടിരിക്കുകയാണ്. റമദാൻ അവസാനിക്കുവാൻ ഏതാനും ദിവസങ്ങൾ മാത്രമാണുള്ളത്. പെരുന്നാൾ വരുകയും ചെയ്യും. ആയതിനാൽ ഓരോ റമദാനും സ്വയം പരിശോധന നടത്തുവാനുള്ള ഒരവസരമാണ് ഓരോ മുസ്ലീമിനും നൽകുന്നത്. റമദാൻ പോവുകയാണ്, എന്റെ ജീവിതത്തിന് ഗുണപരമായ വല്ലമാറ്റവും സംഭവിച്ചുവോ ? ഇസ്ലാമിക അധ്യാപനങ്ങളനുസരിച്ചാണോ ഞാനെന്റെ ജീവിതം നയിക്കുന്നത്. ?

റമദാൻ മാസത്തിലെ (കഴിഞ്ഞാഴ്ചയിൽ) കേരളത്തിലെ ചില സഹോദരങ്ങൾ നമ്മുടെ സന്ദേശ വിതരണത്തിനായി കരുനാഗപ്പള്ളിയിൽ പോവുകയുണ്ടായി. അഹ്മദിയ്യാ വിഭാഗത്തിലെ ആളുകൾ അവരെ തടയുകയുണ്ടായി. തീർച്ചയായും മതത്തിൽ ഒരു നിർബന്ധവും ഇല്ല. എന്നിരിക്കെ തങ്ങൾ വിശ്വസിക്കുന്ന കാര്യങ്ങൾ മറ്റുള്ളവരെ അറിയിക്കുന്നതിൽ നിന്ന് തടയുന്നതെന്തേ ? നിങ്ങൾക്ക് വിശ്വസിക്കാതിരിക്കുവാനുള്ള അവകാശം ഉള്ളതുപോലെ, മറ്റുള്ളവരെ അറിയിക്കുവാനുള്ള അവരുടെ അവകാശത്തെ തടയുന്നത് നിയമലംഘനമാണ്. നിങ്ങൾ അത് ചെയ്യരുത്.

മസീഹിന്റെ സന്ദേശം എത്തിക്കുന്നതിന്, പ്രചരിപ്പിക്കുന്നതിന്, അതീവ താൽപ്പര്യമുള്ള ഒരു കാലം അഹ്മദിയ്യാ ജമാഅത്തിനുണ്ടായിരുന്നു. ആ സന്ദർഭത്തിൽ സാധാരണ മുസ്ലീംകൾ അഹ്മദിയ്യാ മുസ്ലീംകളെ തടയുകയും, പീഢിപ്പിക്കുകയും ചില സന്ദർഭങ്ങളിൽ വധിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ന് നാം എന്താണ് കാണുന്നത്. ? ഇന്ന് അഹ്മദികൾ അന്ന് സാധാരണ മുസ്ലീംകൾ ചെയ്തത് ഇവിടെ ആവർത്തിക്കുന്നു. മത നവീകരണാർത്ഥം അല്ലാഹു (ത) നിയോഗിച്ച ദൂതന്റെ അനുയായികളെ അഹ്മദികൾ പീഢിപ്പിക്കുന്നു, തടയുന്നു. മുഹമ്മദ് മുസ്തഫ (സ) യുടെയും ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ന്റെയും അധ്യാപനങ്ങളെയാണ് നിങ്ങൾ തടയുന്നത്. അഹ്മദികൾ എങ്ങോട്ടാണ് പോകുന്നത്. അവർ ഏത് ഗർത്തത്തിലാണ് വീണിരിക്കുന്നത് ? അഹ്മദികൾ കാണിച്ച പീഢന ശ്രമങ്ങളെ തടയുവാൻ അവിടുത്തെ മുബല്ലിഗോ, അമീറോ ശ്രമിച്ചില്ലായെന്നത് ഖേദകരം തന്നെ!

കേരളത്തിൽ അമീർ ജമാലുദ്ദീൻ സാഹിബിന്റെയും അമീർ താഹിർ സാഹിബിന്റെയും നേതൃത്വത്തിൽ ഇസ്ലാമിന്റെ ഈ സന്ദേശം എത്തിക്കുവാനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ ദൗത്യം സന്ദേശം എത്തിക്കുക എന്നതുമാത്രമാണ്. ഹിദായത്തു നല്കൽ ഞങ്ങളുടെ ജോലി അല്ല. അത് അല്ലാഹു (ത) നല്കിക്കൊള്ളും.

ഈ മഹത്തായ യത്നത്തിൽ അവിയെടുള്ള ഓരോ സഹോദരങ്ങളും വ്യാപൃതരാണ്. ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനം കേരളത്തിലും, ഇന്ത്യയിലും ലോകത്തിന്റെ മറ്റു ഭാഗങ്ങളിലും വ്യാപിക്കുക തന്നെചെയ്യും.

കേരളത്തിലെ അഹ്മദി സഹോദരങ്ങളോട് ഞാൻ ആവശ്യപ്പെടുകയാണ്, നിങ്ങൾ പിശാചിന്റെ വഴിയിൽ സഞ്ചരിക്കരുത്. ! നിങ്ങൾക്ക് സ്വയം നാശം വരുത്തി വയ്ക്കരുത്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പ്രവർത്തിച്ചവരെ പീഢിപ്പിച്ചവരെപ്പോലെ നിങ്ങളാകരുത്.! നിങ്ങൾ ഈ സന്ദേശം സ്വീകരിച്ചാൽ നിങ്ങൾക്ക് നല്ലത്. നിങ്ങളിത് നിരസിച്ചാൽ നിങ്ങൾ അല്ലാഹു (ത) യുടെ മുമ്പിൽ കണക്ക് ബോധിപ്പിക്കേണ്ടി വരും. നിങ്ങൾ കണക്ക് ബോധിപ്പിക്കേണ്ടി വരുന്നത് ഖലീഫത്തുല്ലായുടെ മുമ്പിലോ അല്ലെങ്കിൽ മറ്റാരുടെയെങ്കിലും മുമ്പിലോ അല്ല !. നിങ്ങൾ മനസ്സിലാക്കണം ഒരു സമയമുണ്ടായിരുന്നു. മുസ്ലീംകൾ നിങ്ങളെയും പീഢിപ്പിച്ചിട്ടുണ്ടായിരുന്നു. ; ഇപ്പോഴും തുടരുന്നുമുണ്ട്. പീഡിപ്പിച്ചതിന്റെ പേരിൽ നിങ്ങളുടെ വിശ്വാസത്തിന് കോട്ടം സംഭവിച്ചിട്ടുണ്ടോ ? ഹസ്രത് മിർസാ ഗുലാം അഹ്മദ് (അ) ന്റെ അധ്യാപനത്തിന് കോട്ടം സംഭവിച്ചിട്ടുണ്ടോ ? ഇപ്പോൾ ഹസ്രത് മുഹമ്മദ് (സ) ന്റെയും ഹസ്രത് മിർസാ ഗുലാം അഹ്മദ് (അ) ന്റെ യും അധ്യാപനങ്ങൾ പ്രചരിപ്പിക്കുന്ന ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ നിങ്ങൾ പീഢിപ്പിക്കുകയാണോ? പുതിയ മസീഹിന്റെ അനുയായികളെ പീഢിപ്പിക്കുന്നവരാണ് ഞങ്ങൾ എന്ന സ്ഥാനമാണോ നിങ്ങൾക്ക് വേണ്ടത് ? അതോ അല്ലാഹുവിനോടുള്ള സ്നേഹത്താൽ പുതിയ മസീഹിന്റെ സന്ദേശത്തെ എത്തിക്കുവാൻ സഹായിച്ചവരാണ് ഞങ്ങൾ എന്ന സ്ഥാനമാണോ നിങ്ങൾക്ക് വേണ്ടത് ?

ആയതിനാൽ, ഈ റമദാൻ മാസത്തിൽ, ഓരോരുത്തരും തങ്ങളുടെ പ്രവർത്തനവും ഉദ്ദേശവും എന്തായിരിക്കണമെന്ന് അറിയുക. ഈ മാസം മുഴുവൻ ഭക്തിയിൽ കഴിഞ്ഞവർ ആരാണ് എന്ന് അറിയുന്നവൻ അല്ലാഹു മാത്രമാണ്. ക്ഷീണിതരാകാതെ ഈ അനുഗ്രഹീതമാസത്തിന്റെ അനുഗ്രഹങ്ങൾ നേടിയ നിഷ്കളങ്കരേയും അറിയുന്നവൻ അല്ലാഹു മാത്രമാണ്. നമ്മുടെ വ്യതാനുഷ്ഠാനങ്ങളെയും, പ്രാർത്ഥനകളെയും, ത്യാഗങ്ങളെയും, അവന്റെ മാർഗ്ഗത്തിൽ ചെയ്ത മറ്റു പ്രവർത്തനങ്ങളെയും സ്വീകരിക്കണമെ രക്ഷിതാവേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

റമദാൻ എന്ന വാക്ക് അഞ്ച് അക്ഷരങ്ങൾകൊണ്ട് നിർമ്മിച്ചതാണ്. റാഅ് - മീമ് - ദാല് - അലിഫ് - നൂന്. ഓരോ അക്ഷരത്തിനും പ്രത്യേക പ്രാധാന്യം ഉണ്ട്.

| | | | |
|---|---|---|---|
| **1)** | **റാഅ്** | **– റഹ്മത്തുല്ലാഹി** | **– ദൈവീകാനുഗ്രഹം** |
| **2)** | **മീമ്** | **– മഹബ്ബത്തല്ലാഹി** | **– ദൈവീക സ്നേഹം.** |
| **3)** | **ദാല്** | **– ദൗമത്തല്ലാഹി** | **– ദൈവീക ഉറപ്പ്** |
| **4)** | **അലീഫ്** | **– അമാനല്ലാഹി** | **– ദൈവീക സംരക്ഷണം.** |
| **5)** | **നൂന്** | **– നൂറുല്ലാഹി** | **– ദൈവീക പ്രകാശം** |

റമദാൻ മാസത്തിൽ 5 പ്രത്യേക ആരാധനകളുണ്ട്. (1) വ്രതാനുഷ്ഠാനം (2) രാത്രിയിലെ പ്രാർത്ഥന (3) ഖുർആൻ പാരായണം (4) ആത്മീയ ഭജനം (5) ലൈലത്തുൽ ഖദ്ർ രാത്രിയിലെ പ്രാർത്ഥനകൾ. ആത്മാർത്ഥതയോടെ ഒരാൾ ഈ 5 പ്രാർത്ഥനകളിൽ മുഴുകിയാൽ അയാൾക്ക് മുകളിൽ പ്രസ്താവിച്ച 5 അനുഗ്രഹങ്ങൾ ലഭ്യമാകുന്നതാണ്. ഇൻശാ അല്ലാഹ് !

അല്ലാഹു (ത) നല്ല ജീവിതം നയിക്കുന്നവരോടും, നല്ല പ്രവർത്തനങ്ങൾ ചെയ്യുന്നവരോടുമൊപ്പം വസിക്കുന്നു.

**<u>Translated & Issued By</u>**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************